LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത് ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിന് കീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) വിവിധ സാംസ്കാരിക സംഘങ്ങളെ കൂട്ടിയോജിപ്പിച്ചും വിവിധ സംഘടനകളുടെ സഹായത്തോടെയും ദീർഘകാലം നീണ്ടുനിൽക്കുന്ന ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സ്ത്രീ സമത്വം, സാമൂഹ്യ നീതി, മനുഷ്യാവകാശ സംരക്ഷണം എന്നിവ ശക്തിപ്പെടുത്തുന്നതിനും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനും സമം - സ്ത്രീ സമത്വത്തിനായൊരു സാംസ്കാരിക മുന്നേറ്റമെന്ന പേരിൽ ഒരു പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സ്ത്രീ-പുരുഷ തുല്യത സമസ്തമണ്ഡലങ്ങളിലും, വിശേഷിച്ച് ആശയാവിഷ്കാരങ്ങൾ നടപ്പാക്കുകയെന്നതാണ് പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യം. സാംസ്കാരിക വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഭാരത്ഭവൻ, മലയാളം മിഷൻ, ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാരിനുകീഴിലുള്ള മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന സാംസ്കാരിക വിദ്യാഭ്യാസ പരിപാടികളും ദീർഘകാല ബോധവത്കരണ പരിപാടികളും വിഭാവനം ചെയ്തിട്ടുണ്ട്.

കലാകാരന്മാർക്ക് പെൻഷൻ

313(2350) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക വകുപ്പുമുഖേന അവശരായ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും പ്രതിമാസ ധനസഹായം/കലാകാരപെൻഷൻ അനുവദിച്ചു വരുന്നത് 11-8-2017-ലെ സ.ഉ.(കൈ)നമ്പർ 21/2017/സാം.കാ.വ. പ്രകാരമുള്ള ഉത്തരവിലെ മാനദണ്ഡങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. 50 വയസ്സ് പൂർത്തീകരിച്ചവരും വാർഷിക വരുമാനം ഒരു ലക്ഷത്തിൽ താഴെയുള്ളവരുമായ അവശരായ എല്ലാ കലാകാരന്മാർക്കും കലാകാര പെൻഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. വയസ്സ് തെളിയിക്കുന്ന രേഖ സാക്ഷ്യപ്പെടുത്തിയതും വില്ലേജ് ഓഫീസിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും കലാകാരനെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രവും ഇതോടൊപ്പം ഹാജരാക്കേണ്ടതുണ്ട്. ഇത്തരം അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമികൾ സൂക്ഷ്മ പരിശോധന നടത്തി ശിപാർശചെയ്ത് റിപ്പോർട്ട് സാംസ്കാരിക വകുപ്പദ്ധ്യക്ഷന് നൽകുന്നമുറയ്ക്ക് ആയതിൽ ന്യൂനതകളുള്ള അപേക്ഷകരെ മാറ്റിനിർത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ടുചെയ്യുകയും യോഗ്യതയുള്ള, അർഹരായ കലാകാരന്മാർക്ക് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് തുടങ്ങുകയുമാണ് ചെയ്യുന്നത്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനുകളോ കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കാണ് ഈ പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്നത്.

(ബി) സാമൂഹ്യ സുരക്ഷാപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കലാകാര പെൻഷന് അപേക്ഷിക്കാൻ കഴിയുമോ?

മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകളോ/സർക്കാർ ഫണ്ടിൽനിന്നുള്ള ക്ഷേമപെൻഷനോ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് കലാകാരപെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ തനത് ഫണ്ടിൽനിന്ന് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രസ്തുത ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും കലാകാര പെൻഷൻ പ്രതിമാസം 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(സി) ഏത് തീയതിവരെ ലഭിച്ച അപേക്ഷകളിലാണ് തീരുമാനം എടുത്തതെന്ന് വ്യക്തമാക്കാമോ?

കൃത്യമായ രേഖകൾ ഹാജരാക്കിയ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള അവസാനത്തെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് 22-2-2021 ലാണ്.